# കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ

<u>പ്രസിദ്ധീകരണത്തിന്</u>

03-12-2022 തീയതിയിലെ സ.ഉ (പി) നം. 296/2022/ആർഡി പ്രകാരം വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31-8-2020 വരെയും മറ്റു 12 ജില്ലകളിലെ കർഷകർ 31-03-2016 വരെയും എടുത്ത കാർഷിക വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. 30-12-2022 ലെ സ.ഉ (സാധാ) നം. 1145/2022/അഗ്രി പ്രകാരം കടാശ്വാസത്തിനുള്ള വ്യക്തിഗത അപേക്ഷകൾ 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ സ്വീകരിക്കുവാൻ കമ്മീഷന് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

കർഷക കടാശ്വാസത്തിനുള്ള അപേക്ഷകൾ നിർദ്ദിഷ്ട *"സി"* ഫാറത്തിൽ സ്വന്തം ഫോൺ നമ്പർ അടക്കം പൂർണ്ണമായി പൂരിപ്പിച്ച് താഴെ പറയുന്ന രേഖകൾ സഹിതം കർഷക കടാശ്വാസ കമ്മീഷനിൽ നേരിട്ടോ തപാൽ മുഖേനയോ 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ സമർപ്പിക്കാവുന്നതാണ്.

1. റേഷൻ കാർഡിന്റെ പകർപ്പ്
2. വരുമാനം തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അസ്സൽ
3. അപേക്ഷകൻ കർഷകനാണെന്ന് തെളിയിക്കുന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രം (അസ്സൽ) അല്ലെങ്കിൽ കർഷക തൊഴിലാളി ആണെന്ന് തെളിയിക്കുന്ന കർഷക തൊഴിലാളി ക്ഷേമനിധി പാസ് ബുക്ക്/ID പകർപ്പ്
4. ഉടമസ്ഥാവകാശമുള്ള കൃഷി ഭൂമി എത്രയെന്ന് തെളിയിക്കുന്നതിനായി വസ്തുവന്റെ കരം തീർത്ത രസീതിന്റെ പകർപ്പ് അല്ലെങ്കിൽ പാട്ട കരാറിന്റെ പകർപ്പ്
5. വായ്പ നിലനിൽക്കുന്ന ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (ഒന്നിലധികം വായ്പ എടുത്തിട്ടുണ്ടെങ്കിൽ ആയത് അപേക്ഷയിൽ ബാങ്കുകളുടെ വിശദാംശം സഹിതം വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്)

സംസ്ഥാന സർക്കാരിന്റെ കാർഷിക കടാശ്വാസം കർഷക കടാശ്വാസ കമ്മീഷനിലൂടെ മുമ്പ് ലഭിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കുവാൻ പാടില്ലാത്തതാണ്.

നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മാത്രമാണ് സർക്കാരിന്റെ കടാശ്വാസ പദ്ധതിയുമായി സഹകരിക്കുന്നത്. അതിനാൽ മറ്റ് ബാങ്കുകളിലെ വായ്പാകുടിശ്ശികയിന്മേൽ അപേക്ഷ സ്വീകരിക്കുന്നതല്ല.

കമ്മീഷൻ ഓഫീസിൽ നേരിട്ട് അപേക്ഷ സ്വീകരിക്കുന്ന സമയം - 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ എല്ലാ പ്രവൃത്തി ദിവസവും

സെക്രട്ടറി